കുറ്റവാളികളായ കുട്ടികളുടെ സംരക്ഷണത്തിന് നടപടി

* 18 [830] ശ്രീ. എ. എ. അസീസ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസ്തായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുറ്റവാളികളായ കുട്ടികളുടെ സംരക്ഷണത്തിനും മാനസിക പരിവർത്തനത്തിനും ക്ഷേമത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാവിക്കുട്ടി):

(എ, ബി) സംസ്ഥാനത്ത് കുറ്റവാളികളായ കുട്ടികളുടെ സംരക്ഷണത്തിനും മാനസിക പരിവർത്തനത്തിനും ക്ഷേമത്തിനുമായി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു:

കുറ്റവാളികളായ 18 വയസ്സിന് താഴെ പ്രായമുള്ള ആൺകുട്ടികളേയും പെൺ കുട്ടികളേയും കേസിന്റെ വിചാരണയുടെ കാലങ്ങളിൽ അവരെ പാർപ്പിച്ച് സംരക്ഷി ക്കുന്നതിനുവേണ്ടി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മഞ്ചേരി, കോഴിക്കോട്, വയനാട്, കാസർഗോഡ്, തലശ്ശേരി എന്നിവിടങ്ങളിൽ ആൺകുട്ടികൾക്കുവേണ്ടിയുള്ള ഒബ്സർവേഷൻ ഹോമുകളും പെൺകുട്ടികൾക്കുവേണ്ടി കോഴിക്കോട് ജില്ലയിൽ ഒരു ഒബ്സർവേഷൻ ഹോമും പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ പേരിലുള്ള കേസുകൾ കൈകാര്യം ചെയ്യുന്നത് രണ്ടു സാമൂഹ്യപ്രവർത്തകരും ഒരു ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റും ഉൾപ്പെടുന്ന ഒരു ബോർഡാണ്. പുതിയ ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കാത്തതിനാൽ ജുവനൈൽ ജസ്റ്റീസ് ബോർഡ് രൂപീകരിച്ചിട്ടില്ല. താൽക്കാലികമായി ഇവരുടെ കേസുകൾ അതാത് ജില്ലകളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കൈകാര്യം ചെയ്യുന്നു. സാധാരണ കോടതി കൈകാര്യം ചെയ്യുന്നതിനു വിപരീതമായി ബന്ധപ്പെട്ട ഒബ്സർവേഷൻ ഹോമുകളോടനുബന്ധിച്ചുള്ള ജുവനൈൽ കോടതിയിലാണ് വിചാരണ നടത്തുന്നത്. വിചാരണയിൽ കുട്ടി കുറ്റവാളി യാണെന്ന് സ്ഥിരീകരിച്ചാലും ഇൻസ്റ്റിറ്റ്യൂഷനിൽ പ്രവേശിപ്പിക്കുന്നത്, മറ്റ് ബദൽ സംവിധാനങ്ങളായ മാതാപിതാക്കളുടെ കൂടെ അയയ്ക്കുക, കൗൺസിലിംഗ് നൽകുക, 'കമ്മ്യൂണിറ്റി സർവ്വീസ് ചെയ്യിക്കുക, പ്രൊബേഷനിൽ വിടുതൽ ചെയ്യുക മുതലായവ സാധ്യമാകാത്ത കേസിൽ മാത്രമാണ് കുട്ടികളെ സ്ഥാപനങ്ങളിൽ പാർപ്പി ക്കുന്നത്. കുട്ടികളെ സ്ഥാപനങ്ങളിൽ പാർപ്പിക്കുന്നത് ഒഴിവാക്കണമെന്നാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പകരം സംവിധാനം ഏർപ്പെടുത്താൻ കഴിയാത്ത കുട്ടികളെ പാർപ്പിച്ച് സംരക്ഷിക്കാൻവേണ്ടി ആൺകുട്ടികൾക്കായി ഒരു സ്പെഷ്യൽഹോം തിരുവനന്തപുരത്തും പെൺകുട്ടികൾക്കായി ഒരു സ്പെഷ്യൽ ഹോം കോഴിക്കോട്ടും പ്രവർത്തിക്കുന്നു. കോഴിക്കോട് സ്പെഷ്യൽ ഹോമിൽ ഇപ്പോൾ ആരെയും പാർപ്പിച്ചിട്ടില്ല. തിരുവനന്തപുരം സ്പെഷ്യൽ ഹോമിൽ 6 ആൺ കുട്ടികൾ ഉണ്ട്. ഈ സ്ഥാപന ത്തിൽ ഏഴാം ക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസത്തിനും, കാർപ്പന്ററി, തയ്യൽ പരിശീലനം, നെയ്ത്ത് തുടങ്ങിയവയ്ക്കുള്ള സംവിധാനമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly